# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2145** — **18.03.2015**- ലെ മറുപടിക്ക്

**സഹകരണ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി. എസ്. ജയലാൽ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ മേഖലയിൽ എത്ര ആശുപത്രികളാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ; | (എ) 92 |
| ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പുരോഗതിക്ക് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) സഹകരണ ആശുപത്രികളുടെ പുരോഗതിക്കു വേണ്ടി സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരവും, കേന്ദ്ര ആവിഷ്കൃത പദ്ധതികളായ എൻ.സി.ഡി.സി, നബാർഡ് എന്നിവ പ്രകാരവും ധനസഹായം നൽകി വരുന്നു. |
| സി) സഹകരണ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ ശ്രദ്ധിക്കാറുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് നിയന്ത്രണങ്ങൾ ഉണ്ടോയെന്നറിയിക്കുമോ; | സി) ഉണ്ട്. സഹകരണ നിയമത്തിലെയും ചട്ടത്തിലേയും വ്യവസ്ഥപ്രകാരവും കാലാകാലങ്ങളിലെ സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായുമാണ് സഹകരണ ആശുപത്രികൾ പ്രവർത്തിച്ച് വരുന്നത്. |
| ഡി) പ്രസ്തുത ആശുപത്രികളിലെ ചികിത്സാ ചെലവ് ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. വിവിധ സഹകരണ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളുടേയും വിദഗ്ദ ഡോക്ടർമാർ ഉള്ളവയിൽ അവർക്ക് നൽകുന്ന കൂടിയ വേതനത്തിന്റെ അടിസ്ഥാനത്തിലും വൻകിട സഹകരണ ആശുപത്രികളുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും, വൻകിട ഇൻവെസ്റ്റ്മെന്റ് ചെലവും പരിഗണിക്കുമ്പോൾ ആശുപത്രി ചെലവുകളുടെ ഏകീകരണം പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ